# SAMAGRA PLUS

## SAMPLE PRACTICE PAPER

## മലയാളം (അടിസ്ഥാന പാഠാവലി)

**സമയ: 2 മണിക്കൂർ** **ക്ലാസ്സ്: 5**

### നിർദ്ദേശങ്ങൾ

- ➔ മൂല്യനിർണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് മുൻപുള്ള 15 മിനിറ്റ് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ച് മനസിലാക്കാനുള്ളതാണ്.
- ➔ ആകെ 6 പ്രവർത്തനങ്ങൾ നൽകിയിട്ടുണ്ട്. ആദ്യത്തെ പ്രവർത്തനം നിർബന്ധമായും ചെയ്യണം. ബാക്കിയുള്ള 5 പ്രവർത്തനങ്ങളിൽ 4 എണ്ണത്തിന് ഉത്തരമെഴുതിയാൽ മതി.

**പ്രവർത്തനം 1 : വായിക്കാം എഴുതാം**

കഥ വായിച്ച് ശരിയായ ഉത്തരം ബ്രാക്കറ്റിൽ നിന്നും കണ്ടെത്തി എഴുതുക.

ഒരിക്കൽ ഒരു കുറുക്കൻ തീറ്റ തേടി നടക്കവേ അബദ്ധത്തിൽ ഒരു കിണറ്റിൽ വീണു. അധികം താഴ്ചയില്ലാത്ത ഒരു കിണറായിരുന്നു അത്. എന്നിട്ടും എത്ര ശ്രമിച്ചിട്ടും അവന് കിണറ്റിൽ നിന്നും പുറത്ത് കയറാൻ സാധിച്ചില്ല. കുറുക്കൻ ആകെ വിഷമത്തിലായി. ഇനി എന്ത് ചെയ്യും എന്ന് കരുതി ഇരിക്കുമ്പോളാണ് ഒരു ആട് ആ വഴി വന്നത്. കിണറ്റിൽ നിന്നും ശബ്ദം കേട്ട് ആട് കിണറ്റിലേക്ക് എത്തി നോക്കി. കിണറ്റിൽ കിടക്കുന്ന കുറുക്കനെ കണ്ട് അവൾ ചോദിച്ചു. "അല്ല കുറുക്കച്ചാ, എന്താണ് കിണറ്റിൽ പരിപാടി?" "അത് കൊള്ളാം. അപ്പോൾ നിനക്കീ വിവരമൊന്നുമറിയില്ലേ? ഈ കിണറ്റിലെ വെള്ളം നല്ല മധുരമുള്ള, വളരെ വിശേഷപ്പെട്ട വെള്ളമാണ്! ഞാൻ അത് കേട്ടറിഞ്ഞ് വന്നതാണ്. സംഗതി ശരിയാണ് കേട്ടോ! എന്തു രസമാണ് ഈ വെള്ളത്തിന്! ഇനി അധികമൊന്നും ബാക്കിയില്ല. ഓരോരുത്തരായി വന്നു കുടിച്ചു തീർത്തു. നിനക്ക് വേണമെങ്കിൽ ഇപ്പോൾ കുടിച്ചോളൂ!" കുറുക്കന്റെ സംസാരം കേട്ട ആട് അത് വിശ്വസിച്ചു. അത് വേഗം കിണറ്റിലേക്ക് ചാടി. തക്കം പാർത്ത് നിന്ന കുറുക്കൻ ഒറ്റ ചാട്ടത്തിന് ആടിന്റെ പുറത്ത് കയറി, അടുത്ത ചാട്ടത്തിന് കിണറ്റിന് പുറത്തെത്തി.

എന്താണ് സംഭവിച്ചതെന്ന് മനസ്സിലാകാതെ നിന്ന ആടിനോട് അവൻ വിളിച്ച് പറഞ്ഞു. "വളരെ നന്ദി കേട്ടോ! ഇനി നീ അവിടെ കിടന്ന് ഇഷ്ടം പോലെ വെള്ളം കുടിച്ചോ!" കുറുക്കൻ വേഗം തന്റെ പണി നോക്കി പോയി. പാവം ആട്, തനിക്ക് പറ്റിയ അബദ്ധം ഓർത്ത് സങ്കടത്തോടെ നിന്നു.

1. മുകളിൽ കൊടുത്തിരിക്കുന്ന കഥയ്ക്ക് പറ്റിയ ഒരു തലക്കെട്ട് ഏത്?

(ആടിനെ പറ്റിച്ച കുറുക്കൻ, കുറുക്കനെ പറ്റിച്ച ആട്, ആടിന്റെ കുസൃതി)

2. കുറുക്കൻ എങ്ങനെയാണ് കിണറിന് പുറത്ത് എത്തിയത്?

(കുതിച്ച് ചാടി, ആടിന്റെ പുറത്ത് കയറി, അത് വഴി വന്ന ഒരു മനുഷ്യന്റെ സഹായത്താൽ)

3. കഥ നൽകുന്ന സന്ദേശം

(ആരെയും വിശ്വസിക്കരുത്, ആരെയും സഹായിക്കരുത്, ചിന്തിക്കാതെ പ്രവർത്തിക്കരുത്)

4. കിണറ്റിലെ വെള്ളത്തിന് മധുരമുണ്ട് എന്ന് പറഞ്ഞത്

(ആട്, വഴിപോക്കർ, കുറുക്കൻ)

5. ആട് കിണറ്റിൽ ചാടിയത് എന്തിന്?

(വെള്ളം കുടിക്കാൻ, കുറുക്കനെ രക്ഷിക്കാൻ, അബദ്ധത്തിന് കാല് തെറ്റിയത് മൂലം)

**പ്രവർത്തനം 2: താരതമ്യകുറിപ്പ്**

താഴെ കൊടുത്തിരിക്കുന്ന കവിതകൾ താരതമ്യം ചെയ്ത് ഒരു കുറിപ്പ് തയ്യാറാക്കുക.

സ്നാനവും ചെയ്തു നീയാഗമിപ്പോളവും
പാലിച്ചേനല്ലോയിപ്പാൽവെണ്ണ ഞാൻ
ഇങ്ങനെയുള്ളെനിക്കേതുമേ താരാതെ
എങ്ങു നീ പോകുന്നുതെന്നമ്മേ! ചൊൽ?"
ഓമനപ്പൈതൽതാനിങ്ങനെ ചൊല്ലിത്തൻ
കോമളച്ചുണ്ടു പിളുർക്കുന്നേരം
ഉണ്ണിക്കൈതന്നിലേ വച്ചുനിന്നീടിനാൾ
വെണ്ണതാൻ കൊണ്ടുപോന്നമ്മയപ്പോൾ,
വെണ്ണയെക്കണ്ടൊരു കണ്ണന്താനന്നേരം
വെണ്ണിലാവഞ്ചിച്ചിരിച്ചു ചൊന്നാൻ:

കന്നു മേച്ചിങ്ങനെ നിന്നു വിളങ്ങിന
നന്ദതനൂജൻ താനന്നൊരു നാൾ
കാനനം തന്നിലേ പോയിട്ടു വേണമേ
ഭോജനമിന്നെനിക്കെന്നു നണ്ണി
കാലത്തുണർന്നുടൻ ബാലകന്മാരെയും
മേളത്തിൽനിന്നു വിളിച്ചുണർത്തി
കാനനം തന്നിൽച്ചെന്നാനന്ദമായ് നിന്നു
വേണമിന്നുണ്ണെല്ലാമെന്നു ചൊല്ലി
താനങ്ങു തന്നുടെ കന്നുകൾ പിന്നാലെ
കാനനം നോക്കി നടന്നാൻ പിന്നെ.

**പ്രവർത്തനം 3: ഡയറിക്കുറിപ്പ്**

എ. പരിസ്ഥിതി സംരക്ഷണത്തിനായി പോരാടുന്ന ഗ്രേറ്റാ ട്യൂൺബെർഗ് എന്ന പെൺകുട്ടിയെ നിങ്ങൾക്ക് പരിചയമുണ്ടല്ലോ. ആ പെൺകുട്ടി എഴുതുന്ന ഡയറിക്കുറിപ്പുകൾ എങ്ങനെ ആയിരിക്കും എന്ന് നിങ്ങൾക്ക് ഊഹിക്കാമോ. നിങ്ങളുടെ ഭാവനയിൽ ആ പെൺകുട്ടിയുടെ ഡയറിക്കുറിപ്പുകൾ എഴുതുക.

ബി. ഗ്രേറ്റാ ട്യൂൺബെർഗ് കരുതിയിരുന്ന പ്ലക്കാർഡിലെ സ്വീഡിഷ് ഭാഷയിലെ വാചകത്തിന്റെ അർത്ഥം എന്തായിരുന്നു.

### പ്രവർത്തനം 4: പോസ്റ്റർ

റ്റോമോ സ്കൂളിലെ കായികമേളയുടെ മാതൃകയിൽ നിങ്ങളുടെ സ്കൂളിൽ ഒരു കായികമേള നടക്കുന്നു എന്ന് സങ്കൽപ്പിക്കുക. റ്റോമോ സ്കൂൾ മാതൃകയിൽ നിങ്ങളുടെ സ്കൂളിൽ നടക്കുന്ന കായിക മേളയെ കുറിച്ച് ഒരു പോസ്റ്റർ തയ്യാറാക്കുക.

### പ്രവർത്തനം 5: അനുഭവക്കുറിപ്പ്

ഉണ്ണിക്കണ്ണനോട് മുത്തശ്ശി പറഞ്ഞ് കൊടുത്ത സ്നേഹത്തെ പറ്റിയുള്ള കഥ നിങ്ങൾക്കറിയാമല്ലോ. ഇത്തരത്തിലുള്ള സ്നേഹാനുഭവങ്ങൾ നിങ്ങളുടെ ജീവിതത്തിലും ഉണ്ടായിട്ടില്ലേ. അവ ഒരു കുറിപ്പായി രേഖപ്പെടുത്തുക.

### പ്രവർത്തനം 6: കഥാ രചന

ചുവടെ കൊടുത്തിരിക്കുന്ന ചിത്രം നിരീക്ഷിച്ച് നിങ്ങളുടെ ഭാവനയിൽ ഒരു കഥ തയ്യാറാക്കുക.



# SAMAGRA PLUS

വാർഷിക മൂല്യനിർണയം 2025

**അടിസ്ഥാന പാഠാവലി - മലയാളം**

| ചോദ്യ നമ്പർ | ഉത്തര സൂചിക | സ്കോർ | ആകെ |
|---|---|---|---|
| 1 | ആടിനെ പറ്റിച്ച കുറുക്കൻ | 1 | 5 |
| | ആടിന്റെ പുറത്ത് കയറി | 1 | |
| | ചിന്തിക്കാതെ പ്രവർത്തിക്കരുത് | 1 | |
| | കുറുക്കൻ | 1 | |
| | വെള്ളം കുടിക്കാൻ | 1 | |
| 2 | ആശയം ഉൾപ്പെട്ടിട്ടുണ്ട്<br>സ്വന്തം കണ്ടെത്തലുകൾ<br>വാക്യശുദ്ധി പാലിച്ചിട്ടുണ്ട്<br>താളം, ഭംഗി എന്നിവയെക്കുറിച്ചുള്ള പരാമർശം<br>ആശയ ക്രമീകരണം | 1<br>1<br>1<br>1<br>1 | 5 |
| 3 | ആശയം ഉൾപ്പെട്ടിട്ടുണ്ട്<br>ഘടന പാലിച്ചിട്ടുണ്ട്<br>സംക്ഷിപ്തത, ആശയ ക്രമീകരണം<br>അനുയോജ്യമായ ഭാഷ<br>ഭാവന | 1<br>1<br>1<br>1<br>1 | 5 |
| 4 | തലക്കെട്ട്<br>ഘടന പാലിച്ചിട്ടുണ്ട്<br>ആശയ സംവേദനം സാധ്യമായിട്ടുണ്ട്<br>ചിത്രങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്<br>മൊത്തത്തിലുള്ള ഭംഗി | 1<br>1<br>1<br>1<br>1 | 5 |
| 5 | പാഠത്തിന്റെ ആശയവുമായുള്ള ബന്ധം<br>ഭാവന<br>വാക്യശുദ്ധി<br>ആശയക്രമീകരണം<br>വിശ്വാസ്യത | 1<br>1<br>1<br>1<br>1 | 5 |
| 6 | ചിത്രത്തിന്റെ ആശയ സംഗ്രഹണം<br>ഗുണപാഠം<br>കഥയുടെ ഘടന പാലിച്ചിട്ടുണ്ട്<br>ഉചിതമായ തലക്കെട്ട്<br>വാക്യശുദ്ധി, ഭാവന | 1<br>1<br>1<br>1<br>1 | 5 |